# മാലിന്യങ്ങൾ മലയാളത്തിന് സ്വന്തം

മണ്ണിക്കരോട്ട്

മാലിന്യങ്ങൾ മലയാളസംസ്ക്കാരത്തിന്റെ ഭാഗമാണോ? അതായത് കാലാകാലങ്ങളായി, തലമുറ തലമുറകളായി ഈ വ്യാധ നമ്മുടെ നിത്യജീവിതത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞിരിക്കുന്നവോ? എവിടെ തിരിഞ്ഞുനോക്കിയാലും അതേ അനുഭവമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പുറത്തിറങ്ങിയാൽ മാലിന്യ മുക്തമായ ഏതെങ്കിലും ഒരിടം കേരളത്തിൽ ഉണ്ടാകുമൊയെന്നു തോന്നുന്നില്ല. എവിടെയും മനം മടുപ്പിക്കുന്ന മാലിന്യക്കാഴ്ചകളാണ് കണ്ണിൽ പെടുന്നത്.

മിക്ക ഭവനങ്ങളിലും വീടും പരിസരവും ഒരുപക്ഷേ വൃത്തിയായി സൂക്ഷിച്ചേക്കാം. അതുകഴിഞ്ഞാൽ ചുറ്റുപാടും മാലിന്യങ്ങൾതന്നെ. വലിയ വലിയ എയർ കണ്ടിഷൻ ചെയ്ത കടകളുടെ മുമ്പിൽ ഗംഭീരമായ അലങ്കാരങ്ങൾ കാണാം. എന്നാൽ കുപ്പയും മറ്റ് പലവിധ അവശിഷ്ടങ്ങളും കടന്നുവേണം അകത്തു കടക്കാൻ. അതുപോലെ തെരുവോരങ്ങളുടെ കാര്യം പറയേണ്ടതില്ലെല്ലോ. മാലിന്യങ്ങൾ നിക്ഷേപിക്കുന്നതും അവിടെയായിരിക്കും. മൂടിയില്ലാത്ത ഓടകളിലൂടെ ദുർഗന്ധം വമിക്കുന്ന അഴുക്കുവെള്ളം ഒഴുകും. മൂക്കുപൊത്തിവേണം അവിടെക്കൂടി നടക്കാൻ. കമ്പോളങ്ങളുടെ കാര്യമാണ് ഇതിലൊക്കെയും കഷ്ടം. അവിടെ, വലിച്ചെറിഞ്ഞ വസ്തുക്കൾ ജീർണ്ണിച്ചുകിടക്കും. അതോടുചേർന്ന് കന്നുകാലി പട്ടി മൃഗാദികളുടെ വിസർജ്ജനങ്ങൾ. അൽപം മാറിയായാലും മനുഷ്യവിസർജ്ജനംപോലും നടക്കുന്നുണ്ട്. എല്ലാംകൂടികലർന്ന ദുർഗന്ധം. ഇതൊന്നും ആരും കാര്യമാക്കുന്നില്ല. അപ്പോഴും സാധാരണ രീതിയിൽ കച്ചവടം പൊടിപൊടിക്കും.

കേരളത്തിൽ കൃഷികൾ വളരാത്തപ്പോഴും തഴച്ചു വളരുന്ന ഒന്നാണ് മാലിന്യങ്ങളിൽ നിന്ന് മുളച്ചുപൊങ്ങുന്ന സാംക്രമിക രോഗാണുക്കൾ. അതിൽനിന്നു കേരളമെങ്ങും പടർന്നുപിടിക്കുന്ന സാംക്രമിക രോഗങ്ങൾ. കേട്ടാൽതന്നെ അറപ്പും വെറുപ്പും ഉളവാക്കുന്നു രോഗങ്ങളാണ് കേരളത്തെ ഗ്രസിക്കുന്നത്. എലിപ്പനി, പന്നിപ്പനി, കോഴിപ്പനി (ചിക്കൻ ഗുനിയ), ഡെങ്കിപ്പനി എന്നുവേണ്ട മാലിന്യങ്ങളിൽനിന്ന് ഉത്ഭവിക്കുന്ന വിവധ തരം രോഗങ്ങൾ കേരളത്തിൽ വർഷാവർഷം പടർന്നുപന്തലിക്കുകയാണ്. രോഗികൾക്ക് ആശുപത്രികളിൽ ഇടംകിട്ടാതെ വലയുന്നതും പതിവുതന്നെ.

നാട്ടിലുണ്ടാകുന്ന ഈ ദുരന്തം സർക്കാർ അറിയുന്നതാണ്. അപ്പോഴെല്ലാം മാലിന്യങ്ങളിൽനിന്നു ണ്ടാകുന്ന സാംക്രമികരോഗങ്ങളെക്കുറിച്ചും മറ്റ് പകർച്ചവ്യാധികളെക്കുറിച്ചുമെല്ലാം രാഷ്ട്രീയ-സാമൂഹ്യ-സാം സ്ക്കാരിക നേതാക്കൾ ഘോരഘോരം പ്രസംഗിക്കും. അതോടൊപ്പം കേരളം മാലിന്യമുക്തമാക്കണം, അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു എന്നെല്ലാമുള്ള പതിവ് ആഹ്വാനവും കേരള സർക്കാരിൽനിന്ന് കേൾക്കാം. അതിന്റെ ഭാഗമായി പലതും ചെയ്തതായും ചെയ്തുവരുന്നതായും അവകാശങ്ങളുന്നയിക്കും. ചിലയിടങ്ങളിൽ സ്ക്കൂൾ കുട്ടികളെക്കൊണ്ട് ഉണങ്ങിയ കടലാസു കഷണങ്ങൾ പെറുക്കിയ്ക്കും. മുന്തിയ താരങ്ങൾ ഏതൊ സാഹസം കാട്ടുന്നതുപോലെ രണ്ടാംമുണ്ട് തലയിൽകെട്ടി, മൺവെട്ടി തോളിൽവച്ച് മാലിന്യം നീക്കുന്നതായി അഭിനയിച്ചുകാണിക്കും. എന്തിന്, ചിലപ്പോൾ മന്ത്രിവര്യർപോലും വാർത്തകൾക്കുവേണ്ടി ഒന്നുരണ്ട് കടലാസ് കഷണങ്ങൾ പൊക്കിയെടുത്ത് മാധ്യമങ്ങളിലൂടെ മാതൃക കാട്ടും.

ഇതെല്ലാം ദൃശ്യമാധ്യമങ്ങളിൽ കണ്ടും മനസ്സിലാക്കിയും ബഹുമുഖമായ മാലിന്യനിവാരണങ്ങളിലൂടെ ഒരു ശുചിത്വകേരളം പ്രതീക്ഷിച്ചാണ് കഴിഞ്ഞപ്രാവശ്യം ഞാൻ നാട്ടിലേക്ക് തിരിച്ചത്. എന്നാൽ കൊച്ചി വിമാ നത്താവളത്തിൽനിന്ന് പുറത്തിറങ്ങിയതും എന്റെ പ്രതീക്ഷ കാറ്റിൽ പറന്നതും ഒരുമിച്ചായിരുന്നു. മാറ്റമില്ല, അതേ അനുഭവം. അതേ അവസ്ഥ. അതേ കേരളം. നിലത്തെവിടെ നോക്കിയാലും അവിടെയെല്ലാം അഴുക്കും പൊടിയും. കടലാസുകഷണങ്ങളും മറ്റ് അഴുക്കുകളും പാറിനടക്കുന്നു. എവിടെനിന്നോ ദുർഗന്ധം മൂക്കിലെത്തുന്നു. 'നിങ്ങളില്ലാതെ എനിക്കെന്താഘോഷം' എന്ന മോഹൻലാലിന്റെ സിനിമാ ഡയലൊഗു പോലെയാണ്, മാലിന്യങ്ങളില്ലാതെയൊ മലയാളനാട് എന്നമട്ട്.

കാറിൽ യാത്രചെയ്യുമ്പോൾ റോഡിന്റെ ഇരുവശത്തും ചെറുതും വലുതുമായ കടകൾ. അതിന്റെ മുമ്പിലും റോഡുസൈഡിലുമെല്ലാം മാലിന്യനിരയും ചെറുതും വലുതുമായ കൂനകളും. തുടർന്ന് എൻ. എച്ച് 47 വഴി ഏതാണ്ട് രണ്ട് കിലോമീറ്റർ പിന്നിട്ടതേയുള്ളു, റോഡിന്റെ ഒരു വക്കിൽ നീണ്ട മാലിന്യശേഖരം കുന്നുകൂടിക്കിട ക്കുന്നു. അവിടെ കാക്ക മുതലായ പക്ഷികളുടെ കൂട്ടവും കലാപവും. ഈ തീറ്റിപ്പണ്ടങ്ങൾ ചിക ഞ്ഞും കൊത്തിയും കാതടയ്ക്കുന്ന കാക്കസംഗീതം മുഴക്കിയും ബഹളം. അവർ ആഘോഷിയ്ക്കുകയാണ്. ഇടയ്ക്കിടയ്ക്ക് എന്തൊ ക്കെയൊ കൊത്തിവലിച്ചു പറക്കുന്ന മിടുക്കരും കുറവല്ല. പിന്നെ അടുത്തുള്ള വേലിപ്പുറവും മരക്കൊമ്പും പുര മുകളുമൊക്കെ അവറ്റകൾക്ക് സ്വന്തം. അവിടെയിരുന്ന് സുഖസമൃദ്ധമായ അമൃതേത്ത്.

മാലിന്യക്കുമ്പാരത്തിന്റെ ചിലഭാഗത്ത് ചെറിയ കാട്ടുമൃഗങ്ങളുടെ കടന്നുകയറ്റവും കാണാം. ഇടയ്ക്കി

ടെ തലപൊക്കി ശത്രുക്കളുടെ ശല്യമുണ്ടോയെന്ന് ഉറപ്പുവരുത്തി അവറ്റകൾക്കും മൃഷ്ടഭോജനം. അടുത്തുള്ള വൈദ്യുതിക്കമ്പികളിലും വേലിപ്പുറത്തും മാലിന്യഭാഗങ്ങൾ തോരണംപോലെ തൂങ്ങിക്കിടന്നാടുന്നു. ഒരു ചെറിയ കാറ്റടിച്ചാൽ മതി മാലിന്യക്കൂമ്പാരങ്ങളിൽനിന്ന് പലതും ഇളകിപ്പറന്ന് അന്തരീക്ഷത്തിൽ വിഹരിക്കുന്നതുകാണാം. അതുവഴി കടന്നുപോകുമ്പോൾ ദുർഗന്ധവായു ശ്വസിക്കണം. കാറിന്റെ ഗ്ലാസ് അൽപമൊന്നു താഴ്ത്തിയാൽ ദുർഗന്ധംകൊണ്ട് തലകറങ്ങും.

ഈ മാലിന്യനിരയ്ക്കടുത്തുകൂടി ഒരു ചെറിയ തോട് ഒഴുകുന്നുണ്ട്. റോഡിനും തോടിനും ഇടയിലാണ് മാലിന്യമല. പലപ്പോഴും ഈ മലയിടിഞ്ഞ് മാലിന്യങ്ങൾ ഭാഗംഭാഗമായി തോട്ടിൽ പതിയ്ക്കും. ഒരു ചെറിയ മഴ പെയ്താൽമതി മാലിന്യമലയുടെ അടിയിലൂടെ അതിന്റെ സത്ത് തോട്ടിൽ ഒലിച്ചിറങ്ങാൻ. പിന്നീട് ആ വെള്ളമാണ് പലരും തുണികഴുകാനും കുളിക്കാനും ചിലർ കുടിയ്ക്കാനും ഉപയോഗിക്കുന്നത്. അങ്ങനെ മനുഷ്യർ മലിനജലം കുടിയ്ക്കുന്നു, മലിനവായു ശ്വസിക്കുന്നു, 'ഗുനിയാ'കൾ പരക്കുന്നു

നാട്ടിലെത്തിയശേഷം ചിലദിവസം ഞാൻ തിരുവനന്തപുരത്ത് താമസിച്ചു. സാമാന്യം ഭേദപ്പെട്ട ഒരു ഹോട്ടലിലാണ് താമസിച്ചത്. ഹോട്ടലിൽ എത്തിക്കഴിഞ്ഞാൽ മറ്റൊരു അന്തരീക്ഷമാണ് അനുഭവപ്പെടുന്നത്. അവിടെയെങ്ങും യാതൊരു അഴുക്കും പൊടിയും കാണാനില്ല. ചെടിച്ചട്ടികളിൽ വിവിധ വർണ്ണത്തിൽ പൂത്തുലഞ്ഞു നിൽക്കുന്ന പൂച്ചെടികൾ വരിവരിയായി നിരത്തിയിട്ടുണ്ട്. സ്വീകരണമുറിയിലും ഭക്ഷണമുറിയിലും എല്ലാം ഓർക്കിഡ് മുതലായ പൂക്കൾകൊണ്ട് അലങ്കരിച്ചിട്ടുണ്ട്. ആകെക്കൂടി കണ്ണിന് കുളിർമ്മയും മനസ്സിന് ആനന്ദവും പകരുന്ന അന്തരീക്ഷം. ഹൊ! എന്തോരാശ്വാസം എന്നു ചിന്തിച്ചുപോകും. അതുപോലെ അവിടുത്തെ ജീവിനക്കാരുടെ പെരുമാറ്റവും പ്രശംസനീയമാണ്.

ഹോട്ടൽ ഗെയ്റ്റ് കടന്ന് പുറത്തിറങ്ങുന്നത് പൊതുനിരത്തിലേക്കാണ്. അവിടെയാണ് കേരളത്തനിമ അനുഭവപ്പെടുന്നത്. ഹോട്ടലിനോട് ചേർന്നുള്ള ഭാഗം കഴിഞ്ഞാൽ റോഡുസൈഡിൽ മൂടിയില്ലാത്ത ഓട. ഓടയിൽക്കൂടി കാടിപോലെ കുടുകുടാ ഒഴുകുന്ന കലക്കവെള്ളം. പലഭാഗത്തും ഓടപൊട്ടിയും കരകവിഞ്ഞും, കാടി കരയിൽ നിരന്നൊഴുകുന്നു. അവിടെ കാടിവെള്ളത്തിന്റെ അവശിഷ്ടങ്ങൾ ഉണങ്ങിയും ഉണങ്ങാതെയും അമേദ്യത്തിന്റെ അവശിഷ്ടംപോലെ ചിതറിക്കിടക്കുന്നു. കൂടാതെ വ്യാപാരികളും ഉപഭോക്താക്കളും യാത്രക്കാരും വലിച്ചെറിയുന്ന മറ്റു മാലിന്യങ്ങളും. അവിടവിടെ വെള്ളം കെട്ടിനിൽക്കുന്ന കുഴികളും കുറവല്ല. അവിടെ കൊതുകിൻകൂട്ടം ആധിപത്യം സ്ഥാപിച്ചിരിക്കുകയാണ്. അതിലെ നടക്കുമ്പോൾ മനംപുരട്ടുന്ന, മൂക്കുപിളർത്തുന്ന ദുർഗന്ധം. റോഡിൽ വാഹനങ്ങൾ ഇരച്ചുപായുന്നുണ്ട്. അപ്പോൾ അന്തരീക്ഷത്തിൽ ഉയരുന്ന പൊടിപടലത്തിനൊപ്പം ചില മാലിന്യക്ഷണങ്ങളും കാറ്റിലാടിക്കളിയാടുന്നു. അങ്ങനെ അന്തരീക്ഷം സാംക്രമികാണുക്കളുടെ വിഹാരരംഗമായി മാറുകയാണ്. അത് ശ്വാസനാളം വഴി മനുഷ്യരിലും കടന്നുകൂടുന്നു.

റോഡിന്റെ ഇരുവശത്തും എപ്പോഴും മനുഷ്യപ്രവാഹമുണ്ട്. ഒരു ദിവസം ഞാനും അവരിലൊരാളായി. ഏതുനേരത്തായാലും, ആളുകൾ എത്ര കുറഞ്ഞാലും എത്ര ഒഴിഞ്ഞു നടന്നാലും; നടത്തക്കാർ മറ്റുള്ളവരെ ഇടിച്ചോ മുട്ടിയൊ മാത്രമെ നടക്കുകയുള്ളു എന്ന രീതിയാണ്. ഇരുകരയിലും റെസ്റ്റൊറന്റുകളും മറ്റു ചെറുകടകളുമുണ്ട്. അവിടെ വ്യവസായം തകൃതി. പൊട്ടിയൊഴുകുന്ന ഓടവെള്ളം മുറിച്ചുവേണം കടകളിൽ കയറാനും റോഡിൽ ഇറങ്ങാനും. വെള്ളത്തിൽ ഈച്ചപ്പട്ടാളത്തിന്റെ ആരവവും അമൃതേത്തും. അടുത്തുള്ള റെസ്റ്റൊറന്റുകളും ഈച്ചകളുടെ സ്വൈര്യവിഹാര കേന്ദ്രങ്ങളാണ്. അവിടെ ആളുകൾ കസേരിയിൽ ഇരിക്കുമ്പോൾ ഈച്ചകൾ മേശപ്പുറത്തും കാപ്പിപ്പാത്രങ്ങളുടെ വക്കിലും സ്വൈരസല്ലാപം. അതും വലിയ ഭയങ്കര 'മണികെണ്ടൻ' ഈച്ചകൾ. അവരുടെ അമൃതേത്തിന് ഭംഗം വരുത്തുന്നവരെ കാതടപ്പിയ്ക്കുന്ന ശൂംകാരം മുഴക്കി ഭയപ്പെടുത്തും.

ഇത് ഒറ്റപ്പെട്ട സംഭവമല്ല. എവിടെനോക്കിയാലും അനുഭവം ഒന്നുതന്നെ. ബസ്സ്റ്റാൻഡുകളിലെയും റെയിൽവെ സ്റ്റേഷനുകളിലെയും മറ്റും സ്ഥിതി ആലോചിച്ചു നോക്കുക? മനുഷ്യർ ഉപയോഗശൂന്യമായ എന്തും എവിടെയും വലിച്ചെറിയും. അവനവന്റെ അപ്പോഴത്തെ കാര്യം സാധിച്ചുകിട്ടുക, അത്രമാത്രം. പിന്നീടുണ്ടാകുന്ന 'ഗുനിയ'കൾ ക്രമേണ അവരേയും നാടിനേയും നശിപ്പിക്കുമെന്ന സത്യം ആരും മനസ്സിലാക്കുന്നില്ല, ചിന്തിക്കുന്നതുമില്ല. സർക്കാർ ബോധവത്ക്കരണം നടത്തുന്നുവെന്ന് പലവട്ടം കേട്ടിട്ടുണ്ട്. എന്ത് ബോധവത്ക്കരണം?

എന്റെ അടുത്ത ഒരു പരിചയക്കാരൻ എന്നെ വീട്ടിൽ ക്ഷണിച്ചു. സാമാന്യം നല്ല വിദ്യാഭ്യാസമുണ്ട്. ഇടത്തരക്കാരിലും ഉയർന്ന നിലവാരത്തിൽ ജീവിക്കുന്ന ഒരു ഉദ്യോഗസ്ഥൻ. പട്ടണത്തിൽ സാമാന്യം നല്ല വീട്. അതിനുചേർന്ന വീട്ടു സാധനങ്ങൾ. പൂച്ചെടികൾ വച്ചുപിടിപ്പിച്ചും പൂച്ചട്ടികൾ നിരത്തിയും വീടിന്റെ മുൻവശം മോടി പിടിപ്പിച്ചിട്ടുണ്ട്. പൊതുവെ വീട് നല്ല വൃത്തിയായിരിക്കുന്നു.

അദ്ദേഹം പട്ടണത്തിലെ വസ്തുക്കളുടെ വിലക്കയറ്റത്തെക്കുറിച്ചും ചില രാഷ്ട്രീയകാര്യങ്ങളും സംസാരിച്ചു. തന്റെ വീടിന് ഒരു കോടിയിലേറെ വിലയാകുമെന്ന് അദ്ദേഹം അഭിമാനത്തോടെ പറഞ്ഞു. അതോടൊപ്പം വീടിന്റെ സൗകര്യങ്ങളെക്കുറിച്ചും വിവരിച്ചു. അതിൽ ഏറ്റവും സൗകര്യമായി എടുത്തു പറഞ്ഞത് വീടിന്റെ പുറകിൽക്കൂടി ഒഴുകുന്ന ഒരു തോടാണ്. വീട്ടിലെ മാലിന്യങ്ങൾ കളയാൻ വളരെ എളുപ്പവും

സൗകര്യവും. ഒരു ബുദ്ധിമുട്ടുമില്ല. തോട്ടിൽ വലിച്ചെറിഞ്ഞാൽ മതി. സംഗതി 'ക്ലീൻ'.

നാട്ടിലെ മലിനീകരണത്തെക്കുറിച്ച്, പഠിപ്പും നല്ല ഉദ്യോഗവും സമൂഹത്തിൽ സ്ഥാനവുമുള്ളവരുടെ സ്ഥിതി ഇതാണെങ്കിൽ സാധാരണക്കാരുടെ സ്ഥിതി എന്തായിരിക്കുമെന്ന് ഞാൻ ചിന്തിച്ചു. സ്വന്തം വീടും, വീടിന്റെ മുൻവശവും വൃത്തിയായിക്കിടന്നാൽ സന്തോഷമായി. റോഡുസൈഡിലാണ് വീടെങ്കിൽ അഴുക്കും കുപ്പയും നിക്ഷേപിക്കുന്നത് റോഡിലായിരിക്കും. വീട്ടിൽനിന്ന് അഴുക്കുചാൽ റോഡിലേക്ക് ഒഴുക്കിവിടും. ചുരുക്കത്തിൽ പൊതുസ്ഥലങ്ങളാണ് മാലിന്യ നിക്ഷേപത്തിന് ജനങ്ങൾ തിരഞ്ഞെടുക്കുന്നത്. അവിടെ കൊതുകും ഈച്ചയും പെരുകുന്നു. രോഗാണുക്കൾ അന്തരീക്ഷത്തിൽ പടരുന്നു.

ആശുപത്രികളിൽ കുട്ടികൾ അണുബാധയേറ്റ് മരിക്കുന്നു. പകർച്ചവ്യാധികൾ ഒന്നിനു പുറകെ ഒന്നായി പരക്കുന്നു. എന്തെങ്കിലും അത്യാഹിതം സംഭവിച്ചു കഴിയുമ്പോൾ അതേക്കുറിച്ച് ധാരാളം കേൾക്കാം. നേതാക്കൾ കൂട്ടത്തോടെ സ്ഥലം സന്ദർശിക്കും. ധാരാളം പ്രസംഗിക്കും. മുന്തിയ രീതിയിൽ അന്വേഷണം നടത്തുമെന്നും നിബന്ധനകളെല്ലാം കർശനമായി നടപ്പാക്കുമെന്നും പ്രസ്താവനയിറക്കും. ചിലദിവസങ്ങൾ കഴിയുമ്പോൾ എല്ലാം ഒരുപോലെ കെട്ടടങ്ങും. വീണ്ടും കാര്യങ്ങൾ തഥൈവ.

കേരളത്തിൽ മാലിന്യങ്ങളിൽ നിന്നുണ്ടാകുന്ന സാംക്രമിക രോഗങ്ങൾ അമേരിക്കയിൽ അന്യമാണ്. അതിനു പ്രധാന കാരണം അവിടുത്തെ സുചിത്വമാണെന്നുള്ളതിന് സംശയമില്ല. അവിടെ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും പ്രത്യേക സംവിധാനങ്ങളുണ്ട്. വീടുകളിൽ വേസ്റ്റ് (waste), അനുവദിച്ചിട്ടുള്ള ചെറിയ പ്ലാസ്റ്റിക്ക് ബാഗുകളിൽ കെട്ടി വലിയ ബാഗുകളിലാക്കി നിശ്ചിത ദിവസങ്ങളിൽ (ആഴ്ചയിൽ കുറഞ്ഞത് രണ്ടുദിവസം) റോഡുസൈഡിൽ വയ്ക്കും. നഗരസഭക്കാർ അത് താമസിയാതെ എടുത്തുകൊണ്ടുപോകുകയും ചെയ്യും. മാലിന്യങ്ങൾ അപ്പോൾതന്നെ ക്രഷ്ചെയ്ത് ഒരംശം പോലും വായുവിൽ കലരാത്തവിധമാണ് കൊണ്ടുപോകുന്നത്.

പൊതുനിരത്തിലും പൊതുസ്ഥലങ്ങളിലും ഒരു പൊടിപോലും കാണുകയില്ല. എവിടെയും ചവറ്റുകുട്ടകളുണ്ട്. വേസ്റ്റുണ്ടെങ്കിൽ അതിൽ കളയും. അഥവാ അടുത്ത് ചവറ്റുകുട്ട കണ്ടില്ലെങ്കിൽ സ്വന്തം വാഹനത്തിൽ സൂക്ഷിച്ച് അടുത്തുകാണുന്ന ചവറ്റുകുട്ടയിൽ കളയുകയൊ വീട്ടിൽകൊണ്ടുപോയി കളയുകയൊ ചെയ്യും. കടലാസുകഷണമോ മറ്റൊ ആണെങ്കിൽ പോക്കറ്റിൽ വയ്ക്കും. പൊതുസ്ഥലത്ത് ചപ്പുചവറുകൾ ഇടുന്നതും തുപ്പുന്നതും ശിക്ഷാർഹമാണ്. ബാത്തുറൂമുകളിലല്ലാതെ മലമൂത്ര വിസർജ്ജനം ഉണ്ടാകുകയില്ല. കാറുകളിൽനിന്ന് ചവറുകൾ വലിച്ചെറിയുന്നത് ചിലപ്പോൾ കടുത്ത ശിക്ഷയ്ക്ക് കാരണമാകും. റോഡിന്റെ വശങ്ങൾ സമയാസമയങ്ങളിൽ യന്ത്രംവഴി വാക്യൂം ചെയ്ത് വൃത്തിയാക്കും. റോഡരികിലെങ്ങും പ്രത്യേകതരം പുല്ലും നല്ല ചെടികളും ചെറിയ മരങ്ങളും വച്ചുപിടിപ്പിച്ചിരിക്കും. പുല്ല് യഥാസമയം ഒരേവലിപ്പത്തിൽ വെട്ടി വൃത്തിയായി സൂക്ഷിയ്ക്കും. വീടിന്റെ ചുറ്റുപാടും അതുപോലെ തന്നെ. അനുവദിച്ചിട്ടുള്ള പുല്ലുകൾ മാത്രമെ വച്ചുപിടിപ്പിക്കാൻ പാടുള്ളു. അതും ആറ് ഇഞ്ചിൽ കൂടുതൽ ഉയരത്തിൽ വളർന്നു നിൽക്കുന്നത് ശിക്ഷാർഹമാണ്. വീടിനോട് ചേർന്ന് പൂച്ചെടികൾ വച്ചുപിടിപ്പിക്കാം.

അമേരിക്കപോലെയാണോ നമ്മുടെ നാട് എന്ന് ചോദിക്കുക സാധാരാണമാണ്. അമേരിക്ക സമ്പൽ സമിർദ്ധമായ രാജ്യമാണ്. അവർക്ക് അതിനൊക്കെ കഴിയുമെന്ന് പറഞ്ഞേക്കാം. എന്നാൽ പരിസരങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയാതിരിക്കുന്നതും സമ്പത്തുമായി എന്തുബന്ധം? മനുഷ്യരുടെ പെരുമാറ്റരീതി മാറ്റാൻ സമ്പത്തിന്റെ ആവശ്യമെന്താണ്? ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ ഒരു ദേശീയ സമ്മേളനത്തിനു മുടക്കുന്നതിന്റെ ഒരംശം മതിയല്ലൊ കേരളത്തിലെ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാൻ. അതുപോലെ കേരളത്തെ 'അടിച്ചുതകർത്ത്' നശിപ്പിക്കാൻ അവസരം പാർത്തിരിക്കുന്നവരുടെ 'തകർപ്പ്' വല്ലപ്പോഴുമെങ്കിലും മാലിന്യങ്ങൾക്കെതിരെ ആയിക്കൂടേ? അവരുടെ പ്രസംഗങ്ങളും അത്തരത്തിലും കേരളത്തിന്റെ ഉയർച്ചയ്ക്കുംവേണ്ടി ആയിക്കൂടേ?

കേരളത്തിലെ പകർച്ചവ്യാധികൾക്ക് പ്രധാന കാരണം നാം വലിച്ചെറിയുന്ന മാലിന്യങ്ങളുടെ പരിണിതഫലങ്ങളാണ്. എന്നാൽ മാലിന്യനിർമ്മാർജ്ജനത്തെക്കുറിച്ചും സാംക്രമികരോഗങ്ങളെക്കുറിച്ചുമെല്ലാം ജനങ്ങളെ ബോധവത്ക്കരിക്കുന്നതിന് അധികൃതിർ എന്തുചെയ്യുന്നു? എന്തൊക്കെയൊ ചെയ്യുന്നുവെന്ന് പലപ്പോഴും കേൾക്കാം. അവർ പറയുന്നതൊന്നും ജനങ്ങളിൽ വേണ്ടവിധം എത്തിപ്പെടുന്നില്ല. അല്ലെങ്കിൽ നടപ്പിലാക്കുന്നില്ല. അവിടെയാണ് അടിസ്ഥാനപരമായ തകരാറ്. പരിസരസുചിത്വത്തിന് വേണ്ടതായ സംവിധാനങ്ങളും നിബന്ധനകളും നടപടികളും ഉണ്ടാകണം. അത് കർശനമായി നടപ്പാക്കുകയും വേണം. അല്ലാതെ ഗുനിയകൾ വരുമ്പോൾ മാത്രം ശബ്ദമുണ്ടാക്കിയാൽ പോരാ. മാലിന്യങ്ങൾ വലിച്ചെറിയുന്നത് ശിക്ഷാർഹമാക്കണം. നിയമപാലകരും രാഷ്ട്രീയക്കാരും എല്ലാം ഇതിന് മാതൃകയാകണം. അല്ലെങ്കിൽ മലയാളനാട് മാലിന്യങ്ങളുടെയും പകർച്ചവ്യാധികളുടെയും സ്വന്തം നാടായി തുടരുമെന്നുള്ളതിന് സംശയമില്ല.